# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4826

22.03.2018- ൽ മറുപടിയ്ക്ക്

## സഹകരണബാങ്കുകളിലെ വായ്പാകുടിശ്ശികയുടെ തിരിച്ചടവ്

<u>ചോദ്യം</u>

**ശ്രീ.പി.സി.ജോർജ്**

(എ) സംസ്ഥാനത്തെ വിവിധ സഹകരണബാങ്കുകളിൽ നിന്നും ലോൺ എടുത്ത് കുടിശ്ശികയായി, ജപ്തി നടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ, പലിശ ഒഴിവാക്കിക്കൊണ്ട് മുതൽ തിരിച്ചടയ്ക്കാൻ തവണ അനുവദിച്ച് നൽകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ കടബാധ്യതയുള്ള പാവപ്പെട്ട ജനങ്ങൾക്ക് സാധിക്കുന്ന രീതിയിൽ ലോൺ തിരിച്ചടയ്ക്കൽ സംവിധാനം നടപ്പിലാക്കി അവരെ രക്ഷിയ്ക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>മറുപടി</u>

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

നിലവിലുണ്ട്. സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത് കുടിശ്ശികയായി ജപ്തി നടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങളെയും, സഹകാരികളെയും സഹായിക്കുന്നതിനും, സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് അവസരം ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പദ്ധതി "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - 2018" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെ ആണ്. വിവിധ ഇളവുകളോടെ വായ്പ കുടിശ്ശികയായവർക്കും, ജപ്തിനടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങൾക്കും വായ്പ കണക്ക് ഈ പദ്ധതി പ്രകാരം അവസാനിപ്പിക്കാവുന്നതാണ്. മുതലിനൊപ്പം പലിശ ക്രമീകരിച്ചും, കുറഞ്ഞ നിരക്കിലും, സാധാരണ പലിശയിലും പലിശ കണക്കാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാൻ അവസരം ലഭിക്കുന്നു.

**സെക്ഷൻ ഓഫീസർ**